ര്യം പുതിയതായി ഒരുക്കാൻ കെ.എസ്.ആർ.ടി.സി.ക്കു കഴിഞ്ഞിട്ടില്ല. കോർപ്പ റേഷന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുകയാ ണ്. അതു മെച്ചപ്പെടുത്തുന്നതോടെ കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി യാത്രാസൗകര്യം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. കണിയാപുരം സബ് ഡിപ്പോയിൽ പഴയ ബസ്സുകൾ മാറ്റി പുതിയവ നൽകുന്നതിനും ബസ്സുകളുടെ കുറവു പരിഹരിക്കുന്നതിനും ശ്രമിക്കുന്നതാണ്. അവിടത്തെ ചെറിയ ചെറിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട അംഗമുൾപ്പെടെയുള്ള ജനപ്രതിനിധികളുടേയും കെ.എസ്.ആർ.ടി.സി. അധി കൃതരുടേയും യോഗം വിളിച്ചുകൂട്ടുന്നതാണ്.

(18) കൊടുവള്ളി നിയോജക മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ഷെഡ്യൂൾ കാൻസലേഷൻ

<u>ശ്രീ. സി. മൊയിൻകുട്ടി</u> : സർ, കെ.എസ്.ആർ.ടി.സി. യുടെ ഭൂപട ത്തിൽ കൊടുവള്ളി നിയോജകമണ്ഡലം ഉൾപ്പെടുന്നില്ല എന്നുള്ളതാണ് എനിക്കു ആമുഖമായി പറയാനുള്ളത്. പത്തിരുപതു വർഷമായി ഓടിക്കൊ ണ്ടിരുന്ന പതിമൂന്നോളം ബസ്സുകൾ ഇന്ന് ഓടുന്നില്ല. ഒരുപാട് നിവേദനങ്ങൾ ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്കു നൽകി. അദ്ദേഹം പറയുന്നത്, 'എന്റെ കാലത്ത് ബസ്സുകൾ നിർത്തലാക്കിയിട്ടില്ല' എന്നാണ്. അതു ശരിയാണ്. അങ്ങ യുടെ കാലത്ത് ബസ്സുകൾ നിർത്തലാക്കിയിട്ടില്ല. അങ്ങയുടെ കാലത്ത് നിർത്തലാക്കിയിട്ടില്ലെങ്കിൽത്തന്നെയും അങ്ങ് ഇതിന് ഉത്തരവാദിയാണ്. 13 ഷെഡ്യൂളുകളാണ് നിർത്തലാക്കിയിട്ടുള്ളത്. അങ്ങ് പറയുന്നത് ഒരൊറ്റ ഷെഡ്യൂളുകളും നിർത്തലാക്കിയിട്ടില്ല എന്നാണ്. എനിക്കു പതിയ ബസ്സുകളെ ക്കുറിച്ചല്ല പറയാനുള്ളത്, വളരെ ലാഭകരമായിട്ടുള്ള റൂട്ടുകളിലാണ് ഷെഡ്യൂ ളുകൾ നിർത്തലാക്കിയിട്ടുള്ളത്. ഈ ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ടുള്ള തിന്റെ ലിസ്റ്റ് പലതവണ അങ്ങേയ്ക്ക് സമർപ്പിച്ചു. ഇനിയും ഞാൻ ലിസ്റ്റ് തരാം. ആ ബസ്സുകൾ ഓടിക്കുന്നതിനുവേണ്ടിയുള്ള നടപടി ഉണ്ടാകണം. തിരുവനന്തപുരം ജില്ലയിൽ മാത്രമല്ല, മലബാറിലും കൂറേ ജില്ലകളും മണ്ഡല ങ്ങളുമുണ്ട്. ഞങ്ങൾക്കും നാട്ടിൽ പോകണം. പുതിയ ഷെഡ്യൂളുകൾ അനുവ ദിക്കാനല്ല പറയുന്നത്. പത്തിരുപതു വർഷം ഓടിക്കൊണ്ടിരുന്ന 13 ഷെഡ്യൂളു കൾ ഈ ഗവൺമെന്റ് വന്നതിനുശേഷവും അതിനുമുമ്പും നിർത്തലാക്കിയിട്ടു ണ്ട്; ഇല്ലെന്നു ഞാൻ പറയുന്നില്ല. നിവേദനങ്ങളുടെ കൂമ്പാരം അങ്ങയുടെ മേശയിലുണ്ട്. നിർത്തലാക്കിയ ആ ഷെഡ്യൂളുകൾ സർവീസ് നടത്താനുള്ള നടപടി സ്വീകരിക്കണം. വളരെ ലാഭകരമായിട്ടുള്ള ഷെഡ്യൂളുകളാണ് നിർത്ത ലാക്കിയിട്ടുള്ളത്. ഇങ്ങനെ ലാഭകരമായിട്ടുള്ള ഷെഡ്യൂളുകൾ നിർത്ത ലാക്കിയാൽ എങ്ങനെയാണ് കെ.എസ്.ആർ.ടി.സി.ക്ക് ലാഭമുണ്ടാകുക? തുട രെത്തുടരെ ഇത്തരം സർവീസുകൾ നിർത്തലാക്കിക്കൊണ്ടിരിക്കുകയാണ്. അവ ഓടിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി <u>(ഡോ.എ. നീലലോഹിതദാസൻ നാടാർ)</u> : സർ, കടലാസ്സു കൂമ്പാരംകൊണ്ട് ഷെഡ്യൂളുകൾ ഓടാൻ പറ്റുക യില്ല. ഷെഡ്യൂളുകൾ നടപ്പാക്കണമെങ്കിൽ ബസ്സ് വേണം. കൂടുതൽ ബസ്സുകൾ നിരത്തിലിറക്കുന്നതും കൂടുതൽ ഷെഡ്യൂളുകൾ ഓടിക്കുന്നതും കെ.എസ്. ആർ.ടി.സി.യെ സംബന്ധിച്ചിടത്തോളം പ്രയോജനമില്ലെന്ന കാഴ്ചപ്പാട് സ്വീക രിച്ച ഒരു ഗവൺമെന്റുണ്ടായിരുന്നു. ഇവിടെ പറഞ്ഞ ഷെഡ്യൂളുകൾ അധി കവും കാൻസൽ ചെയ്തത് ആ കാലഘട്ടത്തിലാണ്. അതാണ് വാസ്തവം.

LIBRARY ARCHIVES Kerala Legislative Assembly

മലബാർമേഖലയെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് കൂടുതൽ താൽപ്പര്യമെടുത്തിട്ടുണ്ട്; കൂടുതൽ ഷെഡ്യൂളുകൾ ഓടിച്ചിട്ടുണ്ട്. കൊടുവള്ളി നിയോജകമണ്ഡലത്തിലെ യാത്രാക്ലേശത്തെക്കുറിച്ച് ശ്രീ. സി. മൊയിൻകുട്ടി ഉന്നയിച്ച ആവശ്യം പരിശോധിച്ചു. കൊടുവള്ളി നിയോജകമണ്ഡലം ദേശസാൽകൃത മേഖലയല്ല. അവിടെ ബസ്സുകളുടേയും ജീവനക്കാരുടെയും ദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ ചില ദിവസങ്ങളിൽ ചില സർവീസുകൾ കാൻസൽ ചെയ്യാൻ കെ.എസ്.ആർ.ടി.സി നിർബന്ധിതമാകും. ദേശസാൽകൃതമല്ലാത്ത മേഖലകളിലെ സർവീസുകളും വരുമാനം തീരെ കുറച്ചും ലഭിക്കുന്ന സർവീസുകളുമായവ ഇത്തരത്തിൽ കാൻസൽ ചെയ്യുകയെന്നൊരു നയമാണ് സ്വീകരിച്ചിട്ടുള്ളത്. കെ.എസ്.ആർ,ടി.സി.ക്ക് ഇന്ന് 3801 ഷെഡ്യൂളുകളാണ് ഉള്ളത്. ഇതു കൃത്യമായി നടത്താൻ 4260 ബസ്സുകൾ ആവശ്യമാണ്. ഇപ്പോൾ 3940 ബസ്സുകൾ മാത്രമേ കൈവശമുള്ളൂ. അതിൽത്തന്നെ 395-ഓളം ബസ്സുകൾ അറ്റകുറ്റപ്പണികൾക്കും സി.എഫ്. സംബന്ധമായ ജോലികൾക്കുമായി വർക്ക്ഷോപ്പുകളിലാണ്. തൻമൂലം 715-ഓളം ബസ്സുകളുടെ കുറവുണ്ട്. ആ കുറവ് കേരളത്തിലെ ട്രാൻസ്പോർട്ട് ഡിപ്പോകളിലെ ഷെഡ്യൂൾ കാൻസലേഷന് കാരണമാകുന്നു. ഇതിനുപുറമേ 5000-ത്തിലേറെ സ്ഥിരം ഡ്രൈവർമാരുടേയും 900-ത്തോളം സ്ഥിരം മെക്കാനിക്കൽ ജീവനക്കാരുടേയും കുറവുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചു എങ്കിലും ആവശ്യത്തിന് തികയാറില്ല. സാമ്പത്തിക പ്രതിസന്ധിയും സ്പെയർപാർട്ടുകളുടെ കുറവും അനുഭവപ്പെടുന്നുണ്ട്. ഡ്രൈവർമാർക്കുവേണ്ടി പി.എസ്.സി. ടെസ്റ്റ് എല്ലാ ജില്ലകളിലും നടത്തുന്നുണ്ട്. എങ്കിലും വളരെ കാലതാമസമുണ്ടാകും. ഇത്തരം പ്രശ്നങ്ങൾ അനുഭവപ്പെടുന്നതുമൂലമാണ് ചില ഷെഡ്യൂളുകൾ കാൻസൽ ചെയ്യാൻ കെ.എസ്. ആർ.ടി.സി. നിർബന്ധിതമാകുന്നത്. സാമ്പത്തികനില മെച്ചമാകുന്നതിനനുസരിച്ച് കൂടുതൽ ബസ്സുകൾ നിരത്തിലിറങ്ങുന്നതോടുകൂടി കാൻസലേഷൻ കുറയ്ക്കുവാൻ കഴിയും. അതോടെ കൊടുവള്ളി നിയോജകമണ്ഡലത്തിലെ സർവീസുകളുടെ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതാണ്.

(19) ചവറ ഗവൺമെന്റ് കോളേജിലെ അസൗകര്യങ്ങൾ

<u>ശ്രീ. ബാബു ദിവാകരൻ</u> : സർ, കൊല്ലം ജില്ലയിലെ ഏക ഗവൺമെന്റ് കോളേജാണ് ചവറ ഗവൺമെന്റ് കോളേജ്. കൊല്ലം ജില്ലയിലെ എല്ലാ എം. എൽ.എ.മാർക്കുംകൂടി വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ആ കോളേജിന്റെ സ്ഥിതി ഇന്ന് വളരെ പരിതാപകരമാണ്. ഇവിടെ 5 പ്രീഡിഗ്രി ബാച്ച് ഉണ്ടായിരുന്നതാണ്, അത് ഡീലിങ്ക് ചെയ്ത് ഇപ്പോൾ കഷ്ടിച്ച് രണ്ട് ബാച്ചേയുള്ളൂ. അതും നടത്തിക്കൊണ്ടുപോകുന്നു എന്നതിൽക്കവിഞ്ഞ് അവിടെ അതിനുള്ള സംവിധാനമില്ല. 3 ഡിഗ്രി കോഴ്സുകളുണ്ടായിരുന്നു. അതിന്റേയും സ്ഥിതി വളരെ പരിതാപകരമാണ്. പുതുതായി ഒരു കോഴ്സുപോലും അവിടെ അനുവദിച്ചിട്ടില്ല. ഇപ്പോൾ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് B. Com with Electronics and data processing, B.A. (History), B.A. (English) എന്നീ മൂന്ന് കോഴ്സുകൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ഗവൺമെന്റ് ആ കാര്യത്തിൽ ഒരു തീരുമാനമെടുത്തിട്ടില്ല. ഇപ്പോൾ അവിടെ കോളേജിലെ ക്ലാസ്സുകളെല്ലാം ഒഴിഞ്ഞുകിടക്കുന്നു. നാമമാത്രമായി 3 ഡിഗ്രി കോഴ്സുകൾക്കുമാത്രമായിട്ട് ഒരു കോളേജ് ഇങ്ങനെ നിലനിൽക്കുകയാണ്. ഈ ദുഃസ്ഥിതിയിൽനിന്നും ആ കോളേജിനെ കരകയറ്റണം. അവിടെ പുതിയ കോഴ്സുകൾ അനുവദിക്കണം. ആ കോളേജിന്റെ മറ്റ് ഭൗതിക സാഹചര്യ

LIBRARY ARCHIVES Kerala Legislative Assembly